


# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഗവ. ഹൈസ്ക്കൂൾ തെങ്ങോട്

## 2025 -2026

# PROFILE

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ. ഹൈസ്കൂൾ, തെങ്ങോട്<br>തെങ്ങോട് പി. ഒ., കാക്കനാട്<br>എറണാകുളം. |
| ഫോൺ | : | 0484 2980676 |
| സ്കൂൾ കോഡ് | : | 25123/25254 |
| വിദ്യാഭ്യാസ ഉപജില്ല | : | ആലുവ |
| വിദ്യാഭ്യാസ ജില്ല | : | ആലുവ |
| റവന്യു ജില്ല | : | എറണാകുളം |
| ബി. ആർ. സി. | : | ആലുവ |
| സി. ആർ. സി. | : | കാക്കനാട് |
| മുനിസിപ്പാലിറ്റി | : | തൃക്കാക്കര |
| ബ്ലോക്ക് | : | ഇടപ്പിള്ളി |
| ജില്ലാ പഞ്ചായത്ത് | : | എറണാകുളം |
| നിയമസഭാ മണ്ഡലം | : | തൃക്കാക്കര |
| താലൂക്ക് | : | കണയന്നൂർ |
| വില്ലേജ് | : | കാക്കനാട് |
| ഇ – മെയിൽ | : | ghsthengode@gmail.com |

# സ്കൂളിന്റെ ചരിത്രം

ഇപ്പോൾ കാണുന്ന തെങ്ങോട് ഗവൺമെന്റ് ഹൈസ്കൂളിന്റെ ലഘു ചരിത്രം എഴുതുവാൻ വേണ്ടി കടപ്പെട്ടിട്ടുള്ളത് ഈ സ്കൂളിൽ നിന്ന് ലഭ്യമായിട്ടുള്ള രേഖകളോടും സെന്റ് മേരീസ് പള്ളിയിലെ സോവനീറിൽ നിന്നും ലഭിച്ചിട്ടുള്ള വിവരങ്ങളോടും ഈ സ്കൂൾ ഇവിടെ കൊണ്ടുവരുവാൻ ശ്രമിച്ച മഹത് വ്യക്തികളുടെ കുടുംബങ്ങളിൽ നിന്നും ലഭിച്ച രേഖകളോടുമാണ്. ഇത് വളരെ കുറച്ചു സമയം കൊണ്ട് ശേഖരിച്ചവയാണ്.

ഈ പ്രദേശത്ത് വികസനം എന്തെന്നറിയാതിരുന്ന കാലത്ത് മാറ്റങ്ങൾക്ക് വിത്ത് പാകിയത് തെങ്ങോട് സെന്റ് മേരീസ് പള്ളിയാണ്. അന്ന് അവിടെ കൂടിയ യുവാക്കളായ പനലക്കോടി ദാനിയേൽ, പാലാൽ ഇട്ടൂപ്പ്, കിളുത്താറ്റിൽ പത്രോസ്, കോതേരിയിൽ കുഞ്ഞുവർക്കി തുടങ്ങിയവർ കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസം വേണം എന്ന തിരിച്ചറിവിന്റെ വെളിച്ചത്തിൽ ആശാൻ കളരിയെന്നോ, കുടിപ്പള്ളിക്കൂടം എന്നോ പറയാവുന്ന രീതിയിൽ ദാനിയേലിന്റെ 53½ സെന്റ് സ്ഥലത്ത് ഒരു ഓല ഷെഡ് ഉണ്ടാക്കി കുറച്ചു കുട്ടികളും ഒരു ആശാനുമായിട്ട് ദാനിയേലിന്റെ നേതൃത്വത്തിൽ ഒരു കളരി തുടങ്ങുകയും ചെയ്തു. കളരിയിൽ പഠിക്കാൻ കുട്ടികളേയും പഠിപ്പിക്കാൻ അദ്ധ്യാപകരേയും ലഭിക്കാതെ ബുദ്ധിമുട്ടുകയുണ്ടായി. പ്രശ്നം പള്ളിപൊതുയോഗത്തിൽ അവതരിപ്പിച്ച് ഒരു പരിഹാരമുണ്ടാക്കി. പിന്നീട് ഈ കുടിപ്പള്ളിക്കൂടം പള്ളിയുടെ നേതൃത്വത്തിൽ സെന്റ് മേരീസ് ഗ്രാൻസ്കൂൾ എന്ന പേരിൽ സ്കൂളായി മാറുകയുണ്ടായി. പള്ളിയിലെ കണക്കെഴുത്തുകാരനായ കണ്ണേത്താശാൻ തന്നെയാണ് പഠിപ്പിക്കുന്നതിന് നേതൃത്വം കൊടുത്തിരുന്നത്. സ്കൂൾ പള്ളിയിൽ ആയിരുന്നപ്പോൾ അമ്മുണ്ണിനായർ ആശാൻ അദ്ധ്യാപനത്തിന് അദ്ദേഹത്തെ സഹായിച്ചു. അദ്ധ്യാപനത്തിനു സഹായിച്ചിരുന്ന മത്തായി ചേട്ടൻ സ്കൂൾ സർക്കാർ ഏറ്റെടുത്തപ്പോൾ ഇവിടുത്തെ തൂപ്പുകാരനായി. അദ്ധ്യാപകരെ കിട്ടുക എന്നത് ഒരു പ്രശ്നം തന്നെയായിരുന്നു. വീണ്ടും പള്ളിപൊതുയോഗത്തിൽ സ്കൂൾ പള്ളിയുടെ നിയന്ത്രണത്തിൽ വേണമെന്ന് ഒരു വിഭാഗവും അതല്ല സർക്കാരന് വിട്ടുകൊടുക്കണമെന്ന് ഒരു വിഭാഗവും വാദിച്ചു. അവസാനം സ്കൂൾ തിരുവിതാംകൂർ സർക്കാരിലേക്ക് വിട്ടുകൊടുക്കുകയും പഴയ സ്ഥലത്തുതന്നെ ഒരു കെട്ടിടം പണിയുകയും ചെയ്തു. ആ കെട്ടിടത്തിനു വേണ്ട തടി ഇടച്ചിറയിലെ കളപ്പുരയിൽ ഇട്ടൂപ്പിന്റെ വീട്ടിൽ നിന്ന് ആനയെകൊണ്ടു വലിപ്പിച്ചു കൊണ്ടുവന്ന വഴിയാണ് പിന്നീട് വായനശാല - ഇടച്ചിറ റോഡായി രൂപാന്തരം പ്രാപിച്ചത്.

സെന്റ് മേരീസ് സ്കൂളിൽ നിന്ന് 1101 കർക്കിടകത്തിൽ 36 കുട്ടികളുമായി എ. ഗോപാലപിള്ള എന്ന എച്ച്.എം., റ്റി. ആർ പരമേശ്വരൻപിള്ള എന്ന അസിസ്റ്റന്റ്, മത്തായിചേട്ടൻ എന്നിവർ ചേർന്ന് പുതുതായി പണിത കെട്ടിടത്തിൽ, സ്കൂൾ പ്രവർത്തനം ആരംഭിച്ചു.

ടി സ്കൂൾ സർക്കാരിലേക്ക് കൊടുത്തപ്പോൾ പ്രൈമറി സ്കൂളിന് 50 സെന്റ് സ്ഥലത്തിൽ കൂടുതൽ എടുക്കുവാൻ അന്നത്തെ സർക്കാരിന് നിയമം ഇല്ലായിരുന്നു. 50 സെന്റ് സ്ഥലം പനയ്ക്കലോടി ദാനിയേൽ സർക്കാരിലേക്ക് ദാനം ചെയ്തു. എ.ഗോപാലൻപിള്ള സർ ഇവിടെ എച്ച്.എം. ആയിട്ടാണ് ചാർജ് എടുത്തതെങ്കിലും എച്ച്.എം. ആകാനുള്ള വിദ്യഭ്യാസ യോഗ്യത ഇല്ലാത്തതിനാൽ അസി. എച്ച്.എം. ആയി ജോലിയിൽ തുടർന്നു.

പിന്നീട് എൻ. വേലായുധൻ ചെട്ടിയാർ എൻ. പത്മനാഭൻപിള്ള എന്നിവരും അസി.എച്ച്. എം. ആയി വന്നു. 1115 തുലാം 7 ന് എ. കൃഷ്ണയ്യർ എച്ച്.എം. ആയി ചാർജ് എടുത്തു. പിന്നീട് കെ. കൊച്ചുകൃഷ്ണപിള്ള, കെ.ആർ പരമേശ്വര കൈമൾ, എൻ വേലായുധൻ ചെട്ടിയാർ തുടങ്ങിയവരും എച്ച്.എം. ആയി. കെ. മാധവിയമ്മ ആദ്യത്തെ ആക്ടിംങ് ഹെഡ്മിസ്ട്രസ്സ് ആയി 1120 മകരം 2 -ാം തീയതി ചാർജെടുത്തു. പിന്നീട് പി അനന്തു അമ്മയും ആക്ടിങ്ങ് എച്ച്.എം.ആയി. കെ.എം. ഇട്ടിയവര, എൻ. കൃഷ്ണൻ ഇളയത്, പി. പത്മനാഭൻ പിള്ള, എം.വി. കുര്യൻ, എം.കെ. ശ്രീധരൻ നായർ, കുഞ്ചുപിള്ള, ശ്രീധരൻപിള്ള എന്നിവരും എച്ച്.എം. ആയി സേവനം അനുഷ്ഠിച്ചു. ഈ സ്കൂളിന്റെ പഠനനിലവാരം ഉയർത്തുന്നതിന് ഇക്കോരൻ മാസ്റ്റർ തുടക്കം കുറിച്ചു. എച്ച്.എം. ആയിരിക്കെ നമ്മോടു വിട പറഞ്ഞ കെ.കെ. ഗീതടീച്ചർ തുടങ്ങി ഇന്ന് രാജു എൻ.വരെ എത്തിനിൽക്കുന്ന എച്ച്.എം. മാരുടെ ഒരു നിര തന്നെയുണ്ട്.

ഈ സ്കൂളിൽ നിന്നും പഠിച്ചുപോയ മഹത് വ്യക്തികളിൽ പലരും മൺമറഞ്ഞുപോയി. ഈ സ്കൂളിൽ പഠിച്ച് ഇവിടെതന്നെ പഠിപ്പിക്കുവാൻ ഭാഗ്യം കിട്ടിയവരും ഉണ്ട്. ഇന്ന് സ്വദേശത്തും വിദേശത്തുമായി ഡോക്ടർമാർ, എഞ്ചിനീയർമാർ, അധ്യാപകർ, സർക്കാർ ഉദ്യോഗസ്ഥർ തുടങ്ങി ഉയർന്ന നിലയിൽ എത്തിയവരും ഉണ്ട്. 4 ജ്യേഷ്ഠാനുജൻമാർ ഒരേ സമയം പഠനം ആരംഭിച്ച ചരിത്രവും ഈ സ്കൂളിനുണ്ട്.

സെന്റ് മേരീസ് ഗ്രാന്റ് സ്കൂളിൽ നിന്നും വന്ന 36 കുട്ടികളുമായി തുടങ്ങിയ ഈ ഗവൺമെന്റ് സ്കൂളിൽ ഇതുവരെ 5702 കുട്ടികളാണ് ചേർന്നത്. അതിൽ 5150 കുട്ടികൾ ഉയർന്ന പഠനത്തിനും മറ്റുമായി ടി.സി. വാങ്ങിയും അല്ലാതേയും ഈ സ്കൂളിൽ നിന്നും വിട പറഞ്ഞിട്ടുണ്ട്. 1981 – 82 കാലഘട്ടത്തിൽ 500 - ൽ അധികം കുട്ടികൾ ഇവിടെ പഠിച്ചിരുന്നു. ഇപ്പോൾ അത് 220 ൽ എണ്ണത്തിൽ എത്തിയിരിക്കുന്നു.

1950 മുതൽ 73 വരെ 5-ാം ക്ലാസുവരെയാണ് ഉണ്ടായിരുന്നത്. 1974 ൽ ഈ സ്കൂൾ യു.പി. സ്കൂളായി 2013 ൽ ഹൈസ്കൂളായും ഉയർത്തി.

പനയ്ക്കലോടി ദാനിയേൽ ആദ്യമായി കൊടുത്ത 50 സെന്റിൽ തുടങ്ങിയ സ്കൂൾ യു.പി. സ്കൂളാക്കി മാറ്റുന്നതിന് കൂടുതൽ സ്ഥലം വേണ്ടിവന്നു. 1975 എപ്രിൽ 10ന് തെങ്ങോട് കരയിൽ കോയിക്കര ഇട്ടൂപ്പ് മകൻ കെ.കെ. പോൾ എഴുതിക്കൊടുത്ത 36 സെന്റ് സ്ഥലവും ടിയാൻ തന്നെ 1975 ഒക്ടോബർ 3 ന് കൊടുത്ത ഒരേക്കർ സ്ഥലവും പനയ്ക്കലോടി ദാനിയേൽ മകൻ വർഗ്ഗീസ്കുട്ടി കൊടുത്ത $3^1/_2$ സെന്റ് സ്ഥലവും $101^1/_2$ സെന്റ് സ്ഥലവും (വിരിവ്) 2 എക്കർ സ്ഥലം സ്കൂളിന് സ്വന്തമായിട്ടുണ്ട്. യു.പി. സ്കൂളാക്കിയപ്പോൾ കെ.എ. പോൾ വിട്ടു കൊടുത്ത സ്ഥലത്തിനും 5000 രൂപ കൊടുക്കാമെന്ന് പ്രവർത്തകർ പറഞ്ഞിരുന്നു. എങ്കിലും ദൗർഭാഗ്യവശാൽ ആ തുക കൊടുക്കാൻ കഴിഞ്ഞില്ല.

ഓലഷെഡിൽ തുടങ്ങിയ സ്കൂൾ പിന്നീട് സർക്കാർ ഏറ്റെടുത്തപ്പോൾ നാല് ക്ലാസ് മുറികളും ഓഫീസുമായി വികസിപ്പിച്ചു. ഓട് മേഞ്ഞതും ചാണകം മെഴുകിയ തറയോടും കൂടിയ കെട്ടിടമായിരുന്നു, ആദ്യത്തേത് 1952 - 53 കാലയളവിൽ തറ സിമന്റ് ഇടുന്നതിന് 6 മാസം വീണ്ടും തെങ്ങോട് പള്ളിയിലേക്ക് മാറ്റുകയുണ്ടായി. വടക്കോട്ട് ദർശനമായി ഒരു കെട്ടിടം ശ്രമദാനമായി പണിതു. അതിനുവേണ്ട മുഴുവൻ തടിയും ഓടും തെങ്ങോട് പള്ളിയിൽ നിന്നും ദാനമായി തന്നു. കെട്ടിടം പണി സർക്കാർ സഹായമില്ലാതെ നടത്തപ്പെടുകയാണുണ്ടായത്. വീണ്ടും കൂടുതൽ ക്ലാസ്സ് മുറികൾ വേണ്ടിവന്നപ്പോൾ 1979 ൽ RMP സ്കീമിൽ ഒരു കെട്ടിടത്തിന്റെ പണി ആരംഭിക്കുകയും ആ സ്കീമിൽ കിട്ടിയ ഫണ്ട് കൊണ്ട് കെട്ടിടം പണി തീരാത്ത അവസ്ഥയും ഉണ്ടായി. എങ്കിലും മുൻ പഞ്ചായത്ത് പ്രസിഡന്റ് പരേതനായ കെ.പി. കുര്യൻ രക്ഷാധികാരിയും കിളുത്താറ്റിൽ കെ.പി വർക്കി, കോതേരിയിൽ പൗലോച്ചൻ, അമ്പാട്ട് ബാലൻ അന്നത്തെ പി.റ്റി.എ. പ്രസിഡന്റ് എൻ.പി. വർഗ്ഗീസ് എന്നിവർ അംഗങ്ങളായി രൂപീകരിച്ച സമിതിയുടെ നേതൃത്വത്തിൽ വളരെ കഷ്ടപ്പെട്ട് പണി പൂർത്തീകരിക്കുകയും ചെയ്തു. പിന്നീട് ഈ കെട്ടിടം ജീർണ്ണിച്ചതിനാൽ അത് പൊളിച്ച് കളയേണ്ടതായും വന്നു. രണ്ട് പതിറ്റാണ്ടിനുശേഷം ബഹുമാനപ്പെട്ട പരേതനായ ശ്രീ. ജോർജ് ഈഡൻ എം.പി യുടെ എം.പി. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതാണ് ഇന്ന് കാണുന്ന പ്രധാനകെട്ടിടം. 12.07.2001 നായിരുന്നു ശിലാസ്ഥാപനം. കൂടാതെ തൃക്കാക്കര ഗ്രാമപഞ്ചായത്ത് നിർമ്മിച്ചുതന്ന പാചകപ്പുരയും കെ.ബാബു എം.എൽ.എ. യുടെ ഫണ്ട് ഉപയോഗിച്ച് പണി കഴിപ്പിച്ച സ്റ്റേജും ഉണ്ട്.

ഒരു കുന്നായി കിടന്നിരുന്ന ഈ സ്ഥലത്തിന്റെ വടക്കുവശത്ത് RMP സ്കീമിൽ കെട്ടിടം പണിയുന്നതിനുവേണ്ടി കെ.പി. കുര്യൻ അവർകൾ രക്ഷാധികാരിയായി രൂപീകരിച്ച സമിതിയുടെ പ്രയത്നഫലം എടുത്തു പറയേണ്ടതുണ്ട്. സ്ഥലം നിരപ്പാക്കിയിട്ടാണ് കെട്ടിടം പണിതത്.

തെക്കുവശത്ത് എം.ആർ.രാജന്റെ നേതൃത്വത്തിൽ കെ.ബാബു എം.എൽ.എ. യുടെ സഹായത്താൽ മണ്ണെടുത്തു മാറ്റി. ആ പ്രവർത്തി രൂപീകരിക്കാൻ സർക്കാരിൽ നിന്ന് വീണ്ടും അനുവാദം വാങ്ങി നിരപ്പാക്കേണ്ടി വന്നു. ഈയിടെ വൈസ് മെൻസ് ക്ലബ്ബ്, സ്മാർട്ട് സിറ്റി കാക്കനാടിന്റെ ശ്രമഫലമായി നല്ല ഒരു ഫുട്ബോൾ ക്വാർട്ടായി ആ സ്ഥലം മാറ്റപ്പെടുകയും ചെയ്തു.

ഈ നാടിന്റെ ചിരകാല സ്വപ്നമായിരുന്നു ഈ സ്കൂൾ ഒരു ഹൈസ്കൂൾ ആയി ഉയർത്തപ്പെടുക എന്നത്. അങ്ങനെ 2013 -14 കാലഘട്ടത്തിൽ RMSA പദ്ധതിപ്രകാരം ഈ സ്കൂൾ ഹൈസ്കൂൾ ആയി ഉയർത്തപ്പെടുകയും 2013 നവംബർ 12-ാം തീയതി അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ. പി.കെ. അബ്ദുൽ റബ്ബ് ഹൈസ്കൂളിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും ചെയ്തു. അന്നത്തെ യു.പി. സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ ആനന്ദ് സാഗറിന്റെ നേതൃത്വത്തിൽ ഡെയ്‌ലി വേജസ് അദ്ധ്യാപകരുടെ സഹായത്തോടെ ആ വർഷം തന്നെ 8,9 ക്ലാസ്സുകൾ ആരംഭിച്ചു.

2014-15 വർഷത്തിൽ ഹെഡ്മാസ്റ്റർ ആയിരുന്ന ശ്രീ. ജോണിസാറിന്റെ നേതൃത്വത്തിൽ ഇവിടുത്തെ ആദ്യ എസ്.എസ്.എൽ.സി.ബാച്ചിലെ 10 വിദ്യാർത്ഥികളും വിജയിച്ച്, സ്കൂൾ 100% വിജയം നേടി എന്നത് അഭിമാനത്തോടെ ഓർക്കുന്നു. തുടർന്നുള്ള എല്ലാ വർഷങ്ങളിലും 100% വിജയം നിലനിർത്താൻ സാധിച്ചു എന്നതും സ്കൂളിന്റെ എടുത്തുപറയത്തക്ക നേട്ടമാണ്.

2014 -15 ആദ്യത്തെ എസ്.എസ്.എൽ.സി. ബാച്ച് മുതൽ രണ്ട് ബാച്ചിന് എക്സാം സെന്റർ ഈ സ്കൂളിൽ ഇല്ലാതിരുന്നതിനാൽ ഗവ. വി.എച്ച്.എസ്. എസ്. തൃക്കാക്കരയിലാണ് എക്സാം എഴുതിയത്. 2016-17 അധ്യയനവർഷത്തിൽ സ്കൂളിൽ പരീക്ഷ സെന്റർ അനുവദിക്കുകയും കുട്ടികൾക്ക് ഈ സ്കൂളിൽ പരീക്ഷ എഴുതുവാൻ സാധിക്കുകയും ചെയ്തു എന്നത് നന്ദിയോടെ സ്മരിക്കുകയാണ്.

2018- 19 കാലഘട്ടത്തിൽ ശ്രീ പി.ടി. തോമസ് എം.എൽ.എ യുടെ എസ്.ഡി.എഫ് ഫണ്ടിൽ നിന്നും ഒരു സ്കൂൾ ബസ് ലഭിച്ചത് ഈ സ്കൂളിന്റെ ഉയർച്ചയുടെ പടവുകളിൽ ഒരു പ്രധാന ചവിട്ടുപടിയായിരുന്നു. അദ്ദേഹത്തെ നന്ദിയോടെ സ്മരിക്കുന്നു. തൃക്കാക്കര മുനിസിപ്പാലിറ്റിയുടേയും RMSA യുടേയും സഹായത്തോടെ 2019 ൽ സ്കൂളിന് എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു കെട്ടിടം ലഭിച്ചത് സ്കൂളിന്റെ മുഖഛായ തന്നെ മാറ്റി. സ്മാർട്ട് ക്ലാസ്റൂമുകളും ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളും കുട്ടികളുടെ എണ്ണം വർദ്ധിക്കാൻ കാരണമായി. പി.റ്റി.എ ആഭിമുഖ്യത്തിൽ എൽ.കെ.ജി./ യു.കെ.ജി. ക്ലാസ്സുകളും നടന്നുവരുന്നു. ജൂനിയർ റെഡ് ക്രോസിന്റെ ഒരു യൂണിറ്റ് ഈ വർഷം ആരംഭിക്കാൻ സാധിച്ചു എന്നതും എടുത്തുപറയത്തക്ക നേട്ടമാണ്.

ഇപ്പോൾ ഈ സ്കൂളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിലായി എൽ.പി.-96, യു.പി.-63, എച്ച്.എസ്.-59 എന്നീ വിഭാഗങ്ങളിലായി 218 കുട്ടികൾ പഠിക്കുന്നു. 2023-24 കാലഘട്ടത്തിലും 100% വിജയം നേടാൻ സാധിക്കും എന്ന ശുഭാപ്തി വിശ്വാസത്തോടെ പഠനരംഗത്ത് വിവിധ ക്രമീകരണങ്ങളുമായ് ഞങ്ങൾ മുന്നേറുന്നു. രക്ഷിതാക്കളുടേയും പി.ടി.എ യുടെയും മുനിസിപ്പാലിറ്റിയുടേയും പൂർണ്ണ പിന്തുണ ഉള്ളതുകൊണ്ട് എല്ലാ കാര്യങ്ങളും ഭംഗിയായി ക്രമീകരിക്കാൻ സാധിക്കുന്നു.

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും (ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ) കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷകർത്താക്കളടക്കമുള്ള സമൂഹത്തെ അറിയിക്കുക.

3. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാനദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.

4. വിദ്യാലയം ജൈവവൈവിധ്യ പാർക്ക് ഉൾപ്പടെ പരിസ്ഥിതി സൗഹാർദ്ധപരമാക്കുക.

5) ഔഷധ സസ്യതോട്ടം നിർമ്മിച്ച് കുട്ടികളെ അതിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുക.

6) ക്ലാസ്സ് മുറികൾ, ചിത്രങ്ങൾ, പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട സാമഗ്രികൾ എന്നിവയിലൂടെ ആകർഷകമാക്കുക.

7) ആനുകാലിക പ്രസിദ്ധീകരണങ്ങൾ കുട്ടികൾക്ക് (മാജിക് പെറ്റ്) ലഭ്യമാക്കാനുള്ള ക്രമീകരണങ്ങൾ പി.ടി.എ യുടേയും പൂർവ്വ വിദ്യാർത്ഥികളുടേയും സഹായത്തോടെ ചെയ്യുക.

8) ദിനാചരണങ്ങൾ പൊതു ജനപങ്കാളിത്തതോടെ ചെയ്യുക.

9) സ്കൂൾ പരീക്ഷാഫലം (10 - ാം ക്ലാസ്സ്) മെച്ചപ്പെടുത്താനുള്ള ക്രമീകരണങ്ങൾ നടപ്പിലാക്കുക.

10) പൊതുപങ്കാളിത്തത്തോടെ ഉച്ചഭക്ഷണം, പ്രഭാത ഭക്ഷണം എന്നിവ ക്രമീകരിക്കുക.

11) ആനുകാലിക സാമൂഹ്യ പ്രശ്നങ്ങളെ നേരിടുന്നതിനും വ്യക്തി വികസനത്തിനും ഉതകുന്ന വിധത്തിൽ സമൂഹത്തിലെ വിവിധ വിഷയങ്ങളിൽ പരിചയസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തുക.

12) അക്കാദമികവും അനക്കാദമികവുമായ മികവുകളിലൂടെ കൂടുതൽ കുട്ടികളെ വിദ്യാലയത്തിലേക്ക് ആകർഷിക്കുക.

13) രക്ഷകർത്താക്കൾക്ക് ബോധവത്ക്കരണക്ലാസ് നടത്തുക.

14) സവിശേഷ ശ്രദ്ധ അർഹിക്കുന്ന കുട്ടികളുടെ പഠനാവശ്യങ്ങൾ നിറവേറ്റുന്നതിലേക്ക് റിസോർസ് പേഴ്സൻസ് ന്റെ സഹായം തേടുക.

15) വിദഗ്ധരുടെ മേൽനോട്ടത്തിലുള്ള കൗൺസലിംഗ് ക്ലാസ്സുകൾ വഴി ആത്മവിശ്വാസവും സ്വയം പര്യാപ്തതയും ആർജിക്കാൻ കുട്ടിയെ പ്രാപ്തനാക്കുക.

16. തിയേറ്റർ സംവിധാനത്തോടുകൂടിയുള്ള ഓഡിറ്റോറിയം ക്രമീകരിക്കുന്നു.

17. പുതിയ കിച്ചൺ, ഡൈനിംഗ് ഹാൾ, Two ക്ലാസ്റൂംസ് എന്നിവ ഉൾപ്പെടുത്തികൊണ്ട് പുതിയ കെട്ടിട നിർമ്മാണം.

18. നിലവിലുള്ള സ്കൂൾ ബസ് അറ്റകുറ്റപണികളൊക്കെ നടത്തി നവീകരണം.

19. സ്കൂളിന്റെ 100 - ാം വാർഷികത്തോടനുബന്ധിച്ച് വ്യത്യസ്തങ്ങളായ വിവിധ പ്രോഗ്രാമുകൾ നടപ്പിലാക്കുന്നു.

## അക്കാദമിക പ്രവർത്തനങ്ങൾ

1. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വിഷയ സമ്പന്നമായ ക്ലാസ്സുകൾ എല്ലാ ദിവസവും മൂന്നുമണിക്ക് മുതൽ നാലുമണിക്ക് വരെ നടത്തുക.

2. ഫുട്ബോൾ കോച്ചിംഗ്, കലാകായിക പരിശീലനം എന്നിവ നടത്തുക.

3. 10-ാം ക്ലാസിൽ 100% വിജയം നേടുന്നതിനായി അധ്യാപക ക്ലസ്റ്ററുകൾ, അധികസമയ ക്ലസ്റ്ററുകൾ, നൈറ്റ് ക്ലസ്റ്ററുകൾ എന്നിവ സംഘടിപ്പിക്കുന്നു.

4. ചിത്രങ്ങളിലൂടെ മലയാള ഭാഷ അക്ഷരങ്ങളും, ചിഹ്നങ്ങളും ഉറപ്പിക്കാൻ സഹായിക്കുന്നു.

5. പദ കാർഡുകൾ, വാക്യ കാർഡുകൾ, പത്രവാർത്തകൾ ചിത്ര വായനാകാർഡ്, ഭാഷാ ലാബുകൾ എന്നിവയുടെ സഹായത്തോടെ മലയാള ഭാഷ വായിക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുന്നു.

6. അടിക്കുറിപ്പ്, ചിത്രകഥകൾ, സമാന കവിതകൾ, ചെറിയ കവിതകൾ, കുട്ടിക്കവിതകൾ, ചെറിയ കഥകൾ, കവിപരിചയം, വിവരണം, കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പത്രവായന തലക്കെട്ട്, ഡയറി എഴുത്ത്, വർണ്ണനാത്മകവും, ലഘുകുറിപ്പ്, യാത്രാ വിവരണം, കഥ നാടകമാക്കുക, കഥാപ്രസംഗം എന്നീ മേഖലകളിലൂടെ ഭാഷാശേഷി വർദ്ധിപ്പിക്കുന്നു.

7. ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് ഡയറി, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ, ഇംഗ്ലീഷ് ക്ലബ്ബ് ലൈബ്രറി, വായനാ സാമഗ്രികൾ, പുസ്തകങ്ങൾ എന്നിവയിലൂടെയും പതിപ്പുകൾ, മാസികകൾ, എന്നിവയുടെ നിർമ്മാണത്തിലൂടെയും ഇംഗ്ലീഷ് പഠനം കൂടുതൽ ഫലപ്രദമാക്കുകയും വായിക്കാനും, എഴുതാനും, സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുകയും ചെയ്യുന്നു.

8. ഹിന്ദി പതിപ്പുകൾ, ഹിന്ദി നാടകീകരണം, ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ എന്നിവ യിലൂടെ ഹിന്ദി ഭാഷയിൽ ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കുന്നു.

9. ഹിന്ദി സ്ക്വാഡ്, പദപ്രശ്നം, ദിനാചരണങ്ങളുടെ അവതരണം എന്നിവയിലൂടെ ഭാഷയിലുള്ള താല്പര്യം വർദ്ധിക്കുന്നു.

10. എല്ലാ ക്ലാസിലും ശാസ്ത്രമൂല എല്ലാകുട്ടികൾക്കും സയൻസ്കിറ്റ് എന്നിവയിലൂടെ പരമാവധി പരീക്ഷണങ്ങൾ ചെയ്തും പ്രദർശിപ്പിച്ചും കുട്ടികളിൽ ശാസ്ത്രത്തോട് അഭിരുചിയും ഗവേഷണ പാടവവും വർദ്ധിപ്പിക്കുന്നു.

11. നല്ല ശീലങ്ങൾ, റോഡ് സുരക്ഷ, പ്രഥമ ശുശ്രൂഷ, വാക്സിനേഷൻ, ഊർജ്ജ സംരക്ഷണം, തുടങ്ങി ശാസ്ത്രവുമായി ബന്ധപ്പെട്ട് ദൈനംദിനജീവിതത്തിൽ ആവശ്യമുള്ള കാര്യങ്ങൾ, സെമിനാർ, സംവാദം, ഇന്റർവ്യൂ, എക്സ്പേർട്ട് ക്ലാസ്സുകൾ, പ്രോജക്ട്സ് എന്നിവയിലൂടെയും ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങളിലൂടെയും കുട്ടികളെ ബോധവൽക്കരിക്കുകയും ശാസ്ത്ര അവബോധം വളർത്തുകയും ചെയ്യുക.

12. സയൻസ് ലാബിലേക്കാവശ്യമായ സാധനങ്ങൾ ശേഖരിച്ചും നവീകരിച്ചും കൂടുതൽ പ്രയോജന പ്രദമാക്കുക.

13. ഔഷധോദ്യാനം നിർമ്മിച്ച് അതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നു.

14. സാമൂഹ്യശാസ്ത്രപഠനം ശാസ്ത്രീയമാക്കുന്നതിന് ശാസ്ത്രലാബ്, പഠനയാത്രകൾ, സംവാദങ്ങൾ, സെമിനാർ, ചർച്ച, മോക്ക് പാർലമെന്റ്, ലൈബ്രറി എന്നിവ ഉപയോഗപ്പെടുത്താവുന്നതാണ്.

15. സാമൂഹ്യാവബോധം കുട്ടികളിൽ എത്തിക്കുവാൻ സാമൂഹ്യ ശാസ്ത്ര മ്യൂസിയം സജ്ജീകരിക്കുകയും ചരിത്ര പുസ്തകങ്ങൾ ഉപയോഗിക്കാവുന്നതാണ്.

16. പുതിയ വാർത്തകൾ, വിവരങ്ങൾ, ബുള്ളറ്റിൻ ബോർഡുകളിൽ പ്രദർശിപ്പിക്കുന്നതുവഴി കുട്ടികളുടെ അറിവു വികസിപ്പിക്കുവാൻ സാധിക്കുന്നു.

17. സംഖ്യാബോധം, സ്ഥാനവില, ചതുഷ്ക്രിയകൾ, എന്നിവ ഉറപ്പിക്കുന്നു.

18. ഗണിതക്വിസ്, പസ്സിൽസ്, ക്ലബ്ബ് പ്രവർത്തനങ്ങൾ എന്നിവയിലൂടെ കുട്ടികൾക്ക് ഗണിതത്തോടുള്ള താല്പര്യം വളർത്തുന്നു. ഗ്യാലറിയിൽ ഗണിത ഉല്പന്നങ്ങൾ, ജ്യാമതീയ രൂപങ്ങൾ എന്നിവ ഗണിത ഗ്യാലറിയിൽ പ്രദർശിപ്പിക്കുന്നു.

19. സ്മാർട്ട് ക്ലാസ്സ് റും പഠനം

20. ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക.

21. UP/HS പ്രത്യേകം കമ്പ്യൂട്ടർ ലാബുകൾ ക്രമീകരിക്കുന്നു.

22. LSS/USS, NMMS പ്രത്യേക കോച്ചിംഗ് ക്ലാസ്സുകൾ ക്രമീകരിക്കുന്നു.

23. കുട്ടികളുടെ All Round Development നായി സ്പെഷ്യൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

24. സ്പെഷ്യൽ ക്യാമ്പിനു ആവശ്യമായ വർക്ക് ഷീറ്റുകൾ കണ്ടെത്തി കുട്ടികൾക്കു നൽകാനുള്ള ക്രമീകരണം നടത്തുന്നു.

25. കുട്ടികളിൽ അച്ചടക്കവും ചിട്ടയായ ജീവിതചര്യകളും സ്വായത്തമാക്കുന്നതിന് Team Kerala Youth Welfare Wing ന്റെ ആഭിമുഖ്യത്തിൽ പ്രത്യേകം കോച്ചിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

# പ്രശ്നങ്ങൾ വെല്ലുവിളികൾ

അക്കാദമികം

1. മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
2. റിസോഴ്സ് അധ്യാപകരുടെ കുറവ്.
3. ഭിന്ന നിലവാരക്കാരെ പരിഗണിച്ച് കൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം.
4. 10 ശതമാനം കുട്ടികൾക്ക് അടിസ്ഥാനശേഷി കൈവരിക്കാൻ സാധിക്കുന്നില്ല.
5. ശരിയായ കായികക്ഷമത ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല.
6. ഓരോ കുട്ടിയുടേയും കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാൻ കഴിയുന്നില്ല.
7. ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഗണിതം എന്നീ വിഷയങ്ങളിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജിക്കാൻ കഴിയുന്നില്ല.
8. പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
9. പഠനപ്രക്രിയ പൂർണ്ണമായും വൈവിധ്യമുള്ളതാക്കാനും ശാസ്ത്രീയമാക്കാനും കഴിഞ്ഞിട്ടില്ല.
10. കുട്ടികൾക്കാവശ്യമായ ഗൈഡ്ലൈൻസ് / കൗൺസിലിംഗ് നൽകാനാവശ്യമായ ശാസ്ത്രീയ മാർഗ്ഗങ്ങളുടെ അഭാവം.
11. വ്യത്യസ്ത മേഖലകളിൽ പരിശീലനം നേടിയ അദ്ധ്യാപകരുടെ അഭാവം.
12. കലാ സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉണ്ടാവുന്നില്ല.

ഭൗതികം

1. റിസോഴ്സ് റൂമുകളുടെ അഭാവം
2. ഭൂമിശാസ്ത്രപരമായ ഘടന
3. പ്രഭാത ഭക്ഷണം കഴിക്കാതെ കുട്ടികൾ സ്കൂളിൽ എത്തുന്നു.
4. കലാകായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെ സേവനം എപ്പോഴും ലഭ്യമാക്കുവാൻ സാധിക്കുന്നില്ല.
5. ഭാഷാലാബ് പ്രവർത്തനക്ഷമമായിട്ടില്ല.
6. വിദ്യാലയം ഒരു പാഠപുസ്തകം എന്ന അവസ്ഥ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

സാമൂഹികം

1. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ സാമൂഹ്യ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായി അവബോധം ഇല്ല.
2. ഭിന്നശേഷിക്കാരുടെ മികച്ച പഠനത്തിനും ജീവിതത്തിനും നിലവിലുള്ള നിയമപരിരക്ഷയെ കുറിച്ച് ധാരണയില്ല.
3. വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുന്നില്ല.
4. പ്രാദേശിക വിഭവപടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.
5. കലാ- സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.
6. കലാ- കായിക പ്രവൃത്തി പരിചയ സാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളുടെ സഹായം പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല.

# പ്രവർത്തനം 1

പേര് : അക്ഷരം ഉറപ്പിക്കൽ
മേഖല /ഉപമേഖല : അക്കാദമികം /ഭാഷ (മലയാളം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാള അക്ഷരങ്ങൾ കൂടുതൽ ഉറപ്പിക്കുന്നു | അക്ഷരങ്ങൾ ചിത്രങ്ങളിലൂടെ പരിചയപ്പെടുത്തുന്നു. ഉറപ്പിക്കുന്നു | ആഴ്ചയിൽ ഒന്നു വീതം | എസ്.ആർ.ജി. | 500.00 |

# പ്രവർത്തനം 2

പേര് : ചിഹ്നങ്ങൾ
മേഖല /ഉപമേഖല : അക്കാദമികം /ഭാഷ (മലയാളം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാള ഭാഷയിലെ ചിഹ്നങ്ങൾ ഉറപ്പിക്കുന്നു | ചിത്രങ്ങളിലൂടെ ചിഹ്നങ്ങൾ ഉറപ്പിക്കുന്നു | ആഴ്ചയിൽ ഒന്നു വീതം | എസ്.ആർ.ജി. | 500.00 |

# പ്രവർത്തനം 3

പേര് : വായന
മേഖല /ഉപമേഖല : അക്കാദമികം /ഭാഷ (മലയാളം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാള ഭാഷ വായിക്കുവാനുള്ള ശേഷിനേടുന്നു. | പദകാർഡുകൾ, വായനാകാർഡുകൾ, ചിത്രവായനാകാർഡ്, ഭാഷാലാബുകൾ, ഇവ ഉപയോഗിച്ചു വായനയ്ക്കു പരിശീലനങ്ങൾ | ആഴ്ചയിൽ ഒന്നു വീതം | എസ്.ആർ.ജി. | 1000.00 |

# പ്രവർത്തനം 4

പേര് : എഴുത്ത്

മേഖല /ഉപമേഖല : അക്കാദമികം / (മലയാളം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാള ഭാഷ എഴുതുവാനുള്ള ശേഷി നേടുന്നു. | അടിക്കുറിപ്പ്, ചിത്രകഥകൾ, ചെറിയ കഥകൾ, കുട്ടിക്കവിതകൾ, കവിപരിചയം, കഥ, കവിത, വിവരണം, കുറിപ്പ്, ആസ്വാദനകുറിപ്പ്, പത്രവായനതയ്യാറാക്കൽ, ഡയറി എഴുതൽ, വർണ്ണന, താരതമ്യം, ഓർമ്മക്കുറിപ്പ്, യാത്രാവിവരണം, കഥ നാടകമാക്കൽ, കഥാപ്രസംഗം, എന്നിവ തയ്യാറാക്കുന്നതിലൂടെ എഴുതുവാനുള്ള പരിശീലനം | ആഴ്ചയിൽ ഒരു ദിവസം | എസ്.ആർ.ജി. | 5000.00 |

# പ്രവർത്തനം 5

പേര് : ഭാഷാഗാലറി

മേഖല /ഉപമേഖല : അക്കാദമികം /ഭാഷ (മലയാളം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നു. | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ ഭാഷാ ഗാലറി ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവിശ്യം | എസ്.ആർ.ജി. | 5000.00 |

# പ്രവർത്തനം 6

പേര് : എഴുത്ത്
മേഖല /ഉപമേഖല : അക്കാദമികം / (മലയാളം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ രചനാപരമായ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുക. | നാടക രചന, നാടകാവതരണം, തിരക്കഥ, കവിതാലാപനം, പ്രസംഗം, നിരൂപണം, കടംകഥ, പഴഞ്ചൊല്ല്, അക്ഷരശ്ലോകം, സംവാദം, സെമിനാർ, ചർച്ച തുടങ്ങിയവ സംഘടിപ്പിക്കുന്നു. | മാസത്തിൽ 1 ദിവസം | എസ്.ആർ.ജി | 6000.00 |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി എഴുതുവാനും സംസാരിക്കുവാനു മുള്ള വികസിപ്പിക്കൽ | 1) പഠനനില കണ്ടെത്തൽ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | | English Teachers SRG | 5000.00 PTA |
| | 2 പരിമിതികൾ പരിഹരിക്കുന്നതിനു ആവശ്യമായ പ്രവർത്തനപാക്കേജ് തയ്യാറാക്കൽ/ ശേഖരിക്കൽ | | HM English Teachers SRG | 1 കുട്ടിക്ക് 25 രൂപ |
| | 3) ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ 1 ദിവസം | Class Teacher | |
| | 4) ഇംഗ്ലീഷ് ഡയറി | ആഴ്ചയിൽ 2 ദിവസം | Class Teacher | |
| | 5) English Speech Assembly | | English Teacher | |
| | 6) ഇംഗ്ലീഷ് ക്ലാസ് ലൈബ്രറി, വായന സാമഗ്രികൾ, ലഘു വായനാ പുസ്തകം, പത്രം | | HM Class Teacher English Teacher | |
| | 7) പതിപ്പുകൾ, മാഗസിനുകൾ | | English Teachers SRG | 500.00 |
| | 8) സ്പോക്കൺ ഇംഗ്ലീഷ് | | Experts English Teachers | |

പേര് : രാഷ്ട്രഭാഷ, സമ്പർക്കഭാഷ

മേഖല ഉപമേഖല : അക്കാദമികം /ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പു കൾ തയ്യാറാക്കൽ, | മാസത്തിൽ ഒന്ന് വീതം | ഹിന്ദി ക്ലബ്ബ് | |
| | നാടകീകരണം ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരി ക്കൽ | ഒരു ടേമിൽ ഒന്ന് വീതം | ഹിന്ദി ക്ലബ്ബ് | |
| | ഹിന്ദി ന്യൂസ് ബോർഡ് സ്ഥാപിക്കൽ | ദിനംപ്രതി | ഹിന്ദി ക്ലബ്ബ് | |
| | ദിനാചരണങ്ങൾ ഹിന്ദി ഭാഷ യുടെ പഠനത്തിന് ഉതകുന്ന വിധത്തിൽ ക്രമീകരിക്കുന്നു. | ദിനാചരണങ്ങ ളോടനുബ ന്ധിച്ച് | ഹിന്ദി ക്ലബ്ബ് | |
| | ഇന്നത്തെ ഹിന്ദി ശബ്ദം, ക്വിസ് പദപ്രശ്നം, തുടങ്ങി യവ സംഘടിപ്പിക്കുന്നു | ദിനംപ്രതി മാസത്തിൽ 1 വീതം | ഹിന്ദി അദ്ധ്യാപിക | |

മേഖല : അക്കാദമികം

ഉപമേഖല : ശാസ്ത്രമൂല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒന്നുമുതൽ 10 വരെ ക്ലാസ്സുകളിലെ പരിസര പഠന പ്രവർത്തനങ്ങളുടെ ഫലപ്രദമായി ചെയ്യുന്നതിനും പഠന നേട്ടം ഉണ്ടാക്കുന്നതിനും | എല്ലാ ക്ലാസിലും ശാസ്ത്ര മൂല ഉറപ്പാക്കൽ, Chapter wise പരീക്ഷണങ്ങൾ, ശാസ്ത്ര മൂലയിൽ പ്രദർശിപ്പിക്കൽ | മാസത്തിൽ രണ്ട് പ്രാവശ്യം | സയൻസ് ടീച്ചേഴ്സ് ആന്റ് സ്റ്റുഡന്റ്സ് | 500 |
| സയൻസ് കിറ്റ് ഓരോ കുട്ടികൾക്കും | സയൻസ് കിറ്റിലൂടെ പരീക്ഷണങ്ങൾ, സംവാദങ്ങൾ ICT (Projects, Slides) Seminar, Projects അവതരണം | ആഴ്ചയിൽ ഒന്ന് വച്ച് | വിദ്യാർത്ഥികൾ | 500 |
| ശാസ്ത്ര അവബോധം വളർത്തുക | ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ, കൂടുതൽ ഫലപ്രദമാക്കുക | അതതു ദിവസങ്ങളിൽ | വിദ്യാർത്ഥികൾ | 500 |
| ഗുഡ് ഹാബിറ്റ്സ്, റോഡ് സുരക്ഷ, പ്രഥമ ശുശ്രൂഷ, വാക്സിനേഷൻ ഇവയുടെ ബോധവത്ക്കരണം | സെമിനാർ സംവാദം, ചാർട്ട് പ്രദർശിപ്പിക്കൽ | രണ്ട് മാസത്തിലൊരിക്കൽ | സയൻസ് ക്ലബ്ബ് | 500 |
| വൈദ്യുതി സംരക്ഷണത്തെക്കുറിച്ചും ഊർജ്ജ സംരക്ഷണത്തെക്കുറിച്ചുമുള്ള അവബോധം ഉണ്ടാക്കൽ | സെമിനാർ സംവാദം, ചാർട്ട് പ്രദർശിപ്പിക്കൽ | രണ്ട് മാസത്തിലൊരിക്കൽ | സയൻസ് ക്ലബ്ബ് | 1000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഔഷധോദ്യാന നിർമ്മാണം | വിവിധ ഔഷധ സസ്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയ നാമങ്ങൾ പ്രദർശിപ്പിച്ച് നട്ടുവളർത്തുന്നു | നിരന്തര പ്രവർത്തനം | വിദ്യാർത്ഥികൾ | 500.00 |
| സയൻസ് ലാബ് നവീകരണം | ആവശ്യ സാമഗ്രികൾ ശേഖരിക്കൽ, നവീകരിക്കൽ | നിരന്തര പ്രവർത്തനം | സ്പോൺസർ ഷിപ്പ് | |

പേര് : ഗണിത ശാസ്ത്ര ലാബ്

മേഖല /ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംഖ്യാബോധം സ്ഥാനവില ചതുഷ്ക്രിയകൾ, ബീജഗണിതം, ജ്യാമിതി എന്നിവ ഉറപ്പിക്കൽ | എണ്ണൽ സംഖ്യകൾ, ഇരട്ട സംഖ്യകൾ തുടങ്ങിയ രേഖീയ സംഖ്യകൾ | ഒരു വർഷം | ഗണിത അദ്ധ്യാപകർ | 10000.00 S.M.C. |
| | സ്ഥാനവില പോക്കറ്റ് പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥനം ജ്യാമിതീയ രൂപങ്ങളുടെ നിർമ്മിതി | | | |
| | മാത്സ് ലാബ് ക്രമീകരിക്കൽ | | | |

## ഗണിതം

1. ലക്ഷ്യം : സംഖ്യാബോധം, സ്ഥാനവില, സങ്കലനം, വ്യവകലനം, ഗുണനം, ഹരണം, ഭിന്നസംഖ്യകൾ, ദശാംശം, അളവുകൾ, രൂപ, സമയം, ജ്യാമിതിയ രൂപങ്ങൾ,

പ്രവർത്തനങ്ങൾ

കൃസ്വതി കണക്ക്, മനകണക്ക്, സംഖ്യാപാറ്റേണുകൾ, ഊഹിച്ചുപറയൽ, പഠനോപകരണങ്ങൾ, ഒറിഗാമി, ഗണിത സഹവാസ ക്യാമ്പ്, ഗണിത ക്വിസ്, ഗണിത ലൈബ്രറി, പാറ്റേൺ നിർമ്മാണം, ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം, ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ചിത്രങ്ങൾ നിർമ്മിക്കുന്നു.

ഗണിത ഗ്യാലറി : ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ

കുട്ടികളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നു, ഫ്രാക്ഷൻ ഡിസ്ക്, സംഖ്യാ കാർഡ്, സംഖ്യാചാർട്ടുകൾ

2. ലക്ഷ്യം

ഗണിത രൂപങ്ങളുടെ ചുറ്റളവ്, പരപ്പളവ്, എന്നില കണ്ടെത്തൽ, സംഖ്യകളുടെ വർഗ്ഗം, വർഗ്ഗമൂലം കണ്ടെത്തൽ, ഭാജ്യം, അഭാജ്യ സംഖ്യകൾ കണ്ടെത്തൽ, സർവ്വ സമവാക്യങ്ങൾ, ത്രികോണ സമിതി, ബീജഗണിതം, ശരാശരി, പലിശ, ലാഭം, നഷ്ടം, നിർമ്മിതി, കോണുകളുടെ പ്രത്യേകത, ഘനരൂപങ്ങൾ, കലണ്ടർ, പ്രായോഗിക പ്രശ്നങ്ങൾ.

# പ്രവർത്തനം

പേര്: സാമൂഹ്യ ശാസ്ത്ര ലാബ്
മേഖല /ഉപമേഖല : അക്കാദമികം / സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക. | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലാസ്സ് | 5000.00 പി.ടി.എ |
| | മ്യൂസിയം സജ്ജീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലാസ്സ് | 10000.00 സ്പോൺസർഷിപ് |

# പ്രവർത്തനം

പേര്: സാമൂഹ്യ ശാസ്ത്ര ലാബ്
മേഖല /ഉപമേഖല : അക്കാദമികം / സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിക്കുക., ഓരോ ക്ലാസ്സുകൾക്ക് അനുസൃതമായ പഠന യാത്ര നടത്തണം. | ഒരു ടേമിൽ 1 വീതം | S.R.G | 2000.00 സ്പോൺസർഷിപ് |

# പ്രവർത്തനം

പേര് : ഡിബേറ്റ് ക്ലബ്ബ്
മേഖല /ഉപമേഖല : അക്കാദമികം / സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെ പാഠ്യവിഷയങ്ങളുമായി യോജിപ്പിച്ച് നിഗമനങ്ങൾ രൂപീകരിക്കുക. | സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്ര വിഷയങ്ങളെ കുറിച്ച് സംവാദം, സെമിനാർ ഡിബേറ്റ് തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്നുവീതം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 1000.00 പി.ടി.എ |

# പ്രവർത്തനം

പേര് : മോക്ക് പാർലമെന്റ്
മേഖല /ഉപമേഖല : അക്കാദമികം / സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വെച്ച് വോട്ടെടുപ്പ്, എന്നിവയിലൂടെ പാർലമെന്റ് രൂപീകരിക്കൽ | 5 എണ്ണം.<br>1. കാലവർഷ സമ്മേളനം<br>2. തുലാവർഷ സമ്മേളനം<br>3. ഓണക്കാല സമ്മേളനം<br>4. ക്രിസ്തുമസ് സമ്മേളനം<br>5. വേനൽക്കാല സമ്മേളനം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് പാർലമെന്റ് | |

# പ്രവർത്തനം

പേര് : സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ
മേഖല /ഉപമേഖല : അക്കാദമികം / സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ കാഴ്ചപ്പാട് രൂപീകരിക്കൽ | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ ഇയർബുക്കുകൾ എന്നിവ ക്രമീകരിച്ച് വായനകോർണർ | വർഷത്തിൽ ഒരു പ്രാവിശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |

# പ്രവർത്തനം

പേര് : ബുള്ളറ്റിൻ ബോർഡ്
മേഖല /ഉപമേഖല : അക്കാദമികം / സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറിവുകൾ വികസിപ്പിക്കൽ | വിദ്യാർത്ഥികൾക്ക് വായിക്കുവാൻ സൗകര്യ പ്രദമായ സ്ഥലത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ, പ്രധാനവാർത്തകളും പുതിയ വിവരങ്ങളും | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 1500.00 |

# പ്രവർത്തനം

പേര്: കായിക പരിശീലനം

മേഖല ഉപമേഖല : അക്കാദമികം  കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | വൈകുന്നേരങ്ങളിൽ ഫുട്ബോൾ കോച്ചിംഗ്, കരാട്ടേ പരിശീലനം, കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | എല്ലാ ദിവസവും | പി.ടി.എ. കാൽപെയിൻ ഗ്രൂപ്പ് (ഇൻഫോ പാർക്ക്) അദ്ധ്യാപകർ | 10000.00 സ്പോൺസർഷിപ്പ് |



ജൂനിയർ റെഡ്ക്രോസ്







